LIBRARY ARCHIVES Kerala Legislative Assembly

കൈക്കൂലി വാങ്ങുന്ന സർക്കാർ ഉദ്യോഗസ്ഥൻമാർക്കെതിരെ നടപടി

53 [2539] ശ്രീ. സി. പി. മുഹമ്മദ്:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:
" അടൂർ പ്രകാശ്:
ശ്രീമതി മാലേത്ത് സരളാദേവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഇതുവരെ കൈക്കൂലി വാങ്ങുമ്പോഴോ വാങ്ങിയ ഉടനെയോ കുറ്റകൃത്യം കണ്ടുപിടിച്ച എത്ര സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്;

(ബി) ഈ സംഭവങ്ങളിൽ എത്ര ഗസറ്റഡ് ഉദ്യോഗസ്ഥൻമാരും വകുപ്പ് മേധാവികളും ഉണ്ട്;

(സി) ഈ കാലയളവിൽ സർക്കാർ ഓഫീസുകളും സർക്കാർ ഉദ്യോഗസ്ഥൻമാരുടെ വീടുകളും റെയ്ഡ് ചെയ്ത കണക്കിൽപ്പെടാത്ത എന്ത് തുക പിടിച്ചെടുത്തു എന്നറിയിക്കാമോ;

(ഡി) ഇത് സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള നടപടികളെന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 134

(ബി) 50 ഗസറ്റഡ് ഉദ്യോഗസ്ഥൻമാരും ഒരു വകുപ്പ് മേധാവിയും ഉൾപ്പെട്ടിട്ടുണ്ട്.

(സി ആന്റ് ഡി) വിവരം ശേഖരിച്ചുവരുന്നു.

ഹൈവേ പട്രോളിംഗിലേയും ട്രാഫിക്കിലേയും ഉദ്യോഗസ്ഥൻമാരുടെ അഴിമതി അവസാനിപ്പിക്കുവാൻ നടപടി

54 [2540] ശ്രീ. വർക്കല കഹാർ:
" ടി. യു. രാധാകൃഷ്ണൻ:
" കെ. എ. ചന്ദ്രൻ:
" എം. മുരളി:
" കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാഫിക് ഐ.ജി. എത്ര പ്രാവശ്യം വേഷം മാറി ഹൈവേ പട്രോളിംഗ് സംവിധാനത്തിന്റെ പ്രവർത്തനത്തെയും കാര്യക്ഷമതയേയും നേരിട്ട് മനസ്സിലാക്കിയിട്ടുണ്ട്;